പ്രസിദ്ധീകരണത്തിന്

കോവിഡ്-19 എന്ന മഹാവ്യാധിയെ പ്രതിരോധിക്കുന്നതിലേക്ക് സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ചുവന്നിട്ടുള്ള എല്ലാ നടപടികളെയും പൂർണ്ണമായും ഉൾക്കൊള്ളുന്നു. എന്നാൽ, സംസ്ഥാനഗവണ്മെന്റ് സത്വരമായി സ്വീകരിക്കേണ്ട മറ്റൊരു നടപടി സംസ്ഥാനത്ത് നടന്നുവരുന്ന പരീക്ഷകൾ മാറ്റിവയ്ക്കുക എന്നതാണ്.

ഭയം ഒഴിവാക്കാം, കഴിയുന്നതും വീടുകളിൽ സുരക്ഷിതരാകാം. പക്ഷേ, പരീക്ഷാകേന്ദ്രങ്ങളിൽ എത്തുന്നതും തിരിച്ച് വീട്ടിൽ പോകുന്നതുമായ കുട്ടികൾ അതിനു സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ അവരുടെ സുരക്ഷയ്ക്ക് പറ്റിയതല്ല എന്നു പറയേണ്ടിയിരിക്കുന്നു. ഈ സാഹചര്യം കണക്കിലെടുത്ത് എല്ലാ പരീക്ഷകളും മാറ്റിവയ്ക്കാൻ സംസ്ഥാനസർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തിരനടപടി ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു. എങ്കിൽമാത്രമേ രോഗപ്രതിരോധശ്രമം കൂടുതൽ ഫലപ്രദമാവുകയുള്ളൂ.

പെരുന്ന
19.3.2020

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി